## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1010 30/01/2019 -ലെ മറുപടിക്ക്.

## ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനങ്ങൾ

ചോദ്യം

**ശ്രീ.കെ. ദാസൻ**
**ശ്രീ. പി.കെ. ശശി**
**ശ്രീ. എം. നൗഷാദ്**
**ശ്രീ. സി.കൃഷ്ണൻ :**

മറുപടി

**ശ്രീ. ടി.പി.രാമകൃഷ്ണൻ**
**(തൊഴിലും എക്സൈസും വകുപ്പ മന്ത്രി)**

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ വിവിധ ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) | സംസ്ഥാനത്ത് തൊഴിൽ വകുപ്പിന് കീഴിൽ 16 ക്ഷേമനിധി ബോർഡുകൾ പ്രവർത്തിക്കുന്നുണ്ട്. ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം സുതാര്യവും കാര്യക്ഷമമാക്കുന്നതിന്റെയും ഭാഗമായി വിവിധ ബോർഡുകളിൽ കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കിവരികയാണ്. കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കുന്നതുവഴി രജിസ്ട്രേഷൻ, അംശദായം, ആനുകൂല്യവിതരണം എന്നിവ സുതാര്യമാക്കുവാനും സമയ ബന്ധിതമായി അപേക്ഷകൾ തീർപ്പാക്കുന്നതിനും സാധിക്കും. തൊഴിലാളികളുടെ വ്യക്തിഗത വിവരങ്ങൾ അഡ്വാൻസ്ഡ് ഇൻഫർമേഷൻ ഇന്റർഫെയ്സ് സിസ്റ്റം (AIIS) സോഫ്റ്റ് വെയർ മുഖേന ഡിജിറ്റൈസ് ചെയ്തിട്ടുണ്ട്. കൂടാതെ പെൻഷൻ വിതരണം സുതാര്യമാക്കുന്നതിനായി സേവന സോഫ്റ്റ് വെയർ ഉപയോഗിക്കുന്നുണ്ട്. |
| (ബി) | വിവിധ ക്ഷേമനിധി ബോർഡുകളെ അംഗത്വത്തിന്റെയും സാമ്പത്തിക സ്ഥിതിയുടെയും അടിസ്ഥാനത്തിൽ | (ബി) | ഉദ്ദേശിക്കുന്നുണ്ട്. വിശദാംശങ്ങൾ സർക്കാർ പരിശോധിച്ചുവരുന്നു. |

| | | | |
|---|---|---|---|
| | സംയോജിപ്പിച്ച് ശാക്തീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ; | | |
| (സി) | ആരോഗ്യം, ഭവനനിർമ്മാണം തുടങ്ങിയ പുതിയ മേഖലകളിൽ മെച്ചപ്പെട്ട ആനുകൂല്യങ്ങൾ ഉറപ്പ് വരുത്തുന്ന വിധത്തിൽ ക്ഷേമനിധി ബോർഡുകൾ മുഖേനയുള്ള പദ്ധതികൾ പരിഷ്കരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (സി) | ഓരോ ക്ഷേമനിധി ബോർഡിലും ആരോഗ്യം, ഭവനനിർമ്മാണം തുടങ്ങിയ മേഖലകളിൽ മെച്ചപ്പെട്ട ആനുകൂല്യങ്ങൾ നൽകുന്നത് ബോർഡുകളുടെ സാമ്പത്തിക സ്ഥിതിയെ അടിസ്ഥാനമാക്കിയാണ്. നിലവിൽ ചില ബോർഡുകൾ ആരോഗ്യം, ഭവനനിർമ്മാണം തുടങ്ങിയ മേഖലകളിൽ മെച്ചപ്പെട്ട ആനുകൂല്യങ്ങൾ നൽകുന്നതിന് സർക്കാരിൽ ശുപാർശകൾ സമർപ്പിക്കുകയും സർക്കാർ ഇക്കാര്യം പരിശോധിച്ച് വരികയുമാണ്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ഡി) | ക്ഷേമനിധി ബോർഡുകളിലെ വിവരശേഖരം സമ്പൂർണ്ണമായി ഡിജിറ്റൈസ് ചെയ്യുന്നതിനും വിവിധ ക്ഷേമനിധികളിലേയ്ക്കുള്ള അംശദായം അടയ്ക്കുന്നതിനും ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതിനും ഏകജാലക സംവിധാനം ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | തൊഴിലാളികളുടെ വ്യക്തിഗത വിവരങ്ങൾ അഡ്വാൻസ്ഡ് ഇൻഫർമേഷൻ ഇന്റർഫെയ്സ് സിസ്റ്റം (AIIS) സോഫ്റ്റ് വെയർ മുഖേന ഡിജിറ്റൈസ് ചെയ്തിട്ടുണ്ട്. കൂടാതെ പെൻഷൻ വിതരണം സുതാര്യമാക്കുന്നതിനായി സേവന സോഫ്റ്റ് വെയർ ഉപയോഗിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

## കേരള ഷോപ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ക്ഷേമനിധി ബോർഡ്

മൂന്ന് വർഷമെങ്കിലും നിധിയിലേയ്ക്ക് തുടർച്ചയായി അംശദായം അടച്ച അംഗങ്ങൾക്കും കുടുംബങ്ങൾക്കും സർക്കാർ ആശുപത്രിയിൽ കിടന്നുള്ള ചികിത്സയ്ക്ക് അംഗത്വ കാലവധിയിൽ പരമാവധി 15,000/- രൂപ ചികിത്സാ സഹായം നൽകുന്നതിനും, ഇതിൽ ആശുപത്രിയിൽ ആദ്യത്തെ 5 ദിവസം കിടന്നുള്ള ചികിത്സയ്ക്ക് ഓരോ ദിവസവും 1000/- രൂപ വീതവും പിന്നീടുള്ള ഓരോ ദിവസത്തിനും 500/- രൂപ വീതവും അനുവദിക്കുന്നതിനും മൂന്ന് വർഷമെങ്കിലും നിധിയിലേയ്ക്ക് തുടർച്ചയായി അംശദായം അടച്ച അംഗങ്ങൾക്ക് ഹൃദയം, വൃക്ക എന്നിവ സംബന്ധമായ രോഗങ്ങൾ, ക്യാൻസർ, ബ്രെയിൻ ട്യൂമർ, തളർവാതം, എന്നിവയെ തുടർന്നുള്ള ചികിത്സാ/ശസ്ത്രക്രിയയ്ക്ക് അംഗത്വ കാലാവധിയിൽ ഒരു പ്രാവശ്യം പരമാവധി 50,000/- രൂപ ചികിത്സാ സഹായം നൽകുന്നതിനും ഉള്ള ശുപാർശകൾ സർക്കാരിന്റെ പരിഗണനയിലാണ്

## കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്

നിലവിൽ ബോർഡിൽ തൊഴിലാളികൾക്കായി നടപ്പിലാക്കിയിട്ടുള്ള ഇൻഷൂറൻസ് പദ്ധതി പരിഷ്കരിക്കുകയും എല്ലാ തൊഴിലാളികളുടെയും പ്രീമിയം ബോർഡ് അടച്ച് സമഗ്ര ആരോഗ്യ ഇൻഷൂറൻസ് പദ്ധതിയിൽ അംഗമാക്കുന്നതിന് തീരുമാനിച്ച് 01/04/2018 മുതൽ ടി പദ്ധതി നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്

## കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി പദ്ധതി പ്രകാരം അംഗങ്ങളായിട്ടുള്ള തൊഴിലാളികൾക്ക് നിലവിൽ 50,000/- രൂപ ചികിത്സാ ധനസഹായമായി നൽകിവരുന്നു. ആയത് 1,00,000/- രൂപയായി വർദ്ധിപ്പിക്കുന്നതിനുള്ള ബോർഡ് തീരുമാനം സർക്കാരിന്റെ പരിഗണനയിലാണ്

## കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ ആംആദ്മി ബീമാ യോജന പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട് ഭവന നിർമ്മാണം സംബന്ധിച്ച് മെച്ചപ്പെട്ട ആനുകൂല്യങ്ങൾ ഉറപ്പു വരുത്തുന്ന വിധത്തിലുള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല

## കേരള തൊഴിലാളി ക്ഷേമനിധി ബോർഡ്

അംശദായം വർദ്ധിപ്പിയ്ക്കുന്നതിനനുസരിച്ച് ബോർഡുവഴി വിതരണം ചെയ്യുന്ന ആനുകൂല്യങ്ങളും വർദ്ധിപ്പിക്കുന്നതിനുള്ള ശുപാർശ സർക്കാരിന്റെ പരിഗണനയിലാണ്

## കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്

ഭവനവായ്പാ പദ്ധതി ഭേദഗതിക്കും, ചികിത്സാസഹായം വർദ്ധിപ്പിക്കുന്നതിനുമുള്ള ശുപാർശ സർക്കാരിന്റെ പരിഗണനയിലാണ്

**കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ്**

കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗങ്ങൾക്കും ആശ്രിതർക്കും ചികിത്സാധനസഹായമായി പരാമവധി 25,000/- രൂപ നൽകുന്നുണ്ട് നിലവിൽ സെസ്സ് പിരിവ് നടക്കാത്തതിനാൽ ബോർഡിന് വരുമാനം കുറവാണ്. സെസ്സ് പിരിവ് തുടങ്ങി വരുമാനം വർദ്ധിപ്പിക്കുന്നതിനനുസരിച്ച് ആരോഗ്യം, ഭവന നിർമ്മാണം തുടങ്ങിയ പുതിയ മേഖലകളിൽ മെച്ചപ്പെട്ട ആനുകൂല്യങ്ങൾ ഉറപ്പുവരുത്തുന്ന വിധത്തിൽ പദ്ധതികൾ പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്**

ആനുകൂല്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ബോർഡ് അംഗീകരിച്ച പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

**കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്**

കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും നിലവിൽ നൽകിവരുന്ന ചികിത്സാ ധനസഹായം 5,000/- രൂപയിൽ നിന്നും 10,000/- രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട് ഭവന നിർമ്മാണ വായ്പാ പദ്ധതി, ക്ഷേമനിധി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും സാമ്പത്തിക ഭദ്രതയില്ലാത്ത ബോർഡ് ആയതിനാൽ ഇതുവരെ പ്രാബല്യത്തിൽ വരുത്തിയിട്ടില്ല.

**കേരള ഹെഡ്‌ലോഡ് വർക്കേഴ്സ് ക്ഷേമനിധി ബോർഡ്**

അൺ അറ്റാച്ച്ഡ് വിഭാഗം തൊഴിലാളികളുടെ മെഡിക്കൽ ക്ലെയിം ആനുകൂല്യങ്ങൾ 03.01.2018 മുതൽ വർദ്ധിപ്പിച്ചിട്ടുണ്ട്

**കേരള ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ബോർഡ്**

സാധാരണ രോഗ ചികിത്സ, അപകട ചികിത്സ, മാരക രോഗ ചികിത്സ എന്നീ ചികിത്സാ ആനുകൂല്യങ്ങളും, ഭവന വായ്പയും വർദ്ധിപ്പിക്കുന്ന ശുപാർശ സർക്കാർ പരിശോധിച്ച് വരുന്നു

**കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ്**

കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതിയിൽ അംഗങ്ങൾക്ക് ചികിത്സാ സഹായം ലഭിക്കുന്നതിനായി അവരെ ചിസ്/ചിസ്+ പദ്ധതിയിൽ സൗജന്യമായി ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സർക്കാർ പരിശോധിച്ച് വരുന്നു കേരള സംസ്ഥാന അസംഘടിത തൊഴിലാളി സുരക്ഷാ പദ്ധതിയിൽ പത്ത് വർഷത്തിൽ കൂടുതൽ അംശദായം ഒടുക്കിയ അംഗങ്ങൾക്ക് വീട് നിർമ്മാണത്തിനും അറ്റകുറ്റപണികൾക്കുമായി അവർ പദ്ധതിയിൽ ഒടുക്കിയ തുകയുടെ 50% ന്റെ 75% വരെയുള്ള തുക 3 വർഷത്തിനുള്ളിൽ തിരിച്ചടക്കത്തക്കവിധത്തിൽ പലിശ രഹിത വായ്പയായി അനുവദിക്കുന്നതിന് ബോർഡ് തീരുമാനിക്കുകയും ആയതിൻ പ്രകാരം സർക്കാർ ഉത്തരവാകുകയും ചെയ്തിട്ടുണ്ട്

സെക്ഷൻ ഓഫീസർ